ഉത്തരം

31.715 ജീവനക്കാർ

കെ. എസ്. ആർ. ടി. സി. യുടെ സബ് ഡിപ്പോകളുടെ എണ്ണം

308 [337] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യുടെ എത്ര സബ് ഡിപ്പോകളുണ്ട്;

(ബി) എത്ര ഓപ്പറേറ്റിംഗ് സെന്ററുകൾ ഉണ്ട്?

ഉത്തരം

(എ) 19 സബ് ഡിപ്പോകളുണ്ട്.

(ബി) 15 ഓപ്പറേറ്റിംഗ് സെന്ററുകളുണ്ട്.

വിളപ്പിൽ പഞ്ചായത്തിൽ മലപ്പനംകോട് റോഡിന്റെ പണി

309 [338] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം വികസന ബ്ലോക്കിന്റെ വിളപ്പിൽ പഞ്ചായത്തിലുള്ള മലപ്പനംകോട് റോഡിന്റെ പണി നിറുത്തിവയ്ക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1986 മാർച്ചിനുമുമ്പായി ഈ റോഡിന്റെ എല്ലാ പണികളും പൂർത്തിയാക്കാമെന്ന് കൺവീനർ ഏറ്റിരുന്നുവെങ്കിലും ഇതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ്

310 [339] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം വികസന ബ്ലോക്കിൽ ബാലരാമപുരം പഞ്ചായത്തിലെ പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പണി തുടങ്ങിയിട്ട് എത്ര കാലമായി എന്നു വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നേമം വികസന ബ്ലോക്കിൽ ബാലരാമപുരം പഞ്ചായത്തിലെ പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പണിയാരംഭിക്കാൻ കരാർ 28-3-1984-ൽ ഒപ്പിട്ടതാണ്.

(ബി) കോളനിയുടെ പല ഭാഗങ്ങളിലും 8 മീറ്റർ വീതിയിൽ റോഡുപണിയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് റോഡുപണി മുടങ്ങി ക്കിടക്കുന്നത്. 8 മീറ്റർ വീതി ലഭിക്കാൻ ശ്രമം നടത്തിവരുന്നു. ഇപ്രകാരം 8 മീറ്റർ വീതി ബാക്കി ഭാഗങ്ങളിലുംകൂടി ലഭിച്ചാൽ മാത്രമേ റോഡുപണി പുനരാരംഭിക്കാൻ കഴിയുകയുള്ളു.

കിളിമാനൂർ നിയോജകമണ്ഡലത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തിയ റോഡുകൾ

311 [340] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ 1984-85, 1985-86 വർഷങ്ങളിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തി തുടങ്ങിയിട്ടുള്ള റോഡുകൾക്ക് രണ്ടാമതായി ഉണ്ടെങ്കിലും പണി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥൻമാർ തടസ്സം നിൽക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടങ്ങിവച്ചിട്ടുള്ളതും എന്നാൽ പണി പൂർത്തിയായിട്ടില്ലാത്തതുമായ റോഡുകളുടെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടാമതായി നൽകിയിട്ടുള്ള റോഡുകൾ പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥൻമാർ തടസ്സം നിൽക്കുന്നതായി അറിവില്ല.

(ബി) സ്വീകരിക്കുന്നതാണ്.

എൻ. ആർ. ഇ. പി. സ്കീമിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച റോഡുകൾ

312 [341] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലങ്ങളിൽ എൻ. ആർ. ഇ. പി. സ്കീമിൽ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മൊത്തം എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ മൊത്തം എത്ര കിലോമീറ്റർ ദൂരം വരുമെന്നും വ്യക്തമാക്കാമോ;

(സി) ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പണി പൂർത്തിയാക്കുവാൻ സാധിക്കാത്ത റോഡുകൾ ഏത്;

LIBRARY ARCHIVES Kerala Legislative Assembly